വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരിക്കുന്നവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം

128 (1927) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ഇനങ്ങളിൽപ്പെടുന്ന വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ മരിക്കുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കുമാണ്, കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും സാമ്പത്തിക സഹായം ലഭിക്കുന്നത് ;

(ബി) ആനയുടെ ആക്രമണത്തിൽ മരിക്കുന്നവരുടെ ആശ്രിതർക്ക് കേന്ദ്രം നൽകിയിരുന്ന സഹായങ്ങൾ നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു വാങ്ങിക്കൊടുക്കുവാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് എടുക്കുന്നത് ;

(ഡി) വടക്കേ വയനാട് നിയോജകമണ്ഡലത്തിൽ ആനയുടെ ആക്രമണംമൂലം മരിച്ച എത്രപേരുടെ ആശ്രിതർക്ക് കേന്ദ്രത്തിൽ നിന്ന് ഇത്തരത്തിലുള്ള സഹായം ലഭിക്കുവാനുണ്ട് ;

(ഇ) പ്രസ്തുത ആനുകൂല്യം വാങ്ങി കൊടുക്കുവാൻ അടിയന്തിര നടപടിയെടുക്കുമോ ?

ഉത്തരം

(എ) വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിലെ ഷെഡ്യൂൾ ഒന്നിലേയും ഷെഡ്യൂൾ രണ്ടിലെ പാർട്ട് രണ്ടിൽപ്പെടുന്ന വിഭാഗം ജീവികളുടെ ആക്രമണത്താൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കും ആണ് സാമ്പത്തിക സഹായം ലഭിക്കുന്നത്.

(ബി) ഉണ്ട്.

(സി) സാമ്പത്തിക സഹായം സംസ്ഥാന സർക്കാർ നൽകുകയും ആയത് കേന്ദ്രസർക്കാരിൽ നിന്നും റീ ഇംപേഴ്സ്മെന്റ് ചെയ്തു വാങ്ങുകയും ചെയ്യുന്നു.

(ഡി) ഒരാൾക്ക്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

വന്യമൃഗശല്യത്തിനെതിരെ സ്വീകരിച്ചു വരുന്ന സംരക്ഷണ നടപടികൾ

129 (1928) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കേ വയനാട് നിയോജക മണ്ഡലത്തിന്റെ ഏതെല്ലാം ഭാഗങ്ങളിലാണ് വന്യമൃഗശല്യം അധികമായി അനുഭവപ്പെടുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly